(ബി) നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടത്തിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും ഇടപെടേണ്ട സോഷ്യൽ ഓഡിറ്റ് സമിതികളുടെ യോഗങ്ങൾ ഫലപ്രദമായി ചേരുന്നില്ലെന്ന വിഷയത്തിലെ നിജസ്ഥിതി വെളിപ്പെടുത്തുമോ;

&

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന രീതിയിലേയ്ക്ക് സോഷ്യൽ ഓഡിറ്റ് സമിതികൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) പൊതുമരാമത്ത് വകുപ്പിനുകീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കി അതുവഴി ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനുംവേണ്ടി 5-1-2018-ലെ സ.ഉ.(കൈ) നമ്പർ 01/2018/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് ജില്ലാ സാമൂഹ്യ ഓഡിറ്റ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണതോതിൽ ഫലപ്രദമായി നടപ്പാക്കാൻ സാധിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ സമിതികൾ പുനഃക്രമീകരിച്ച് കാര്യക്ഷമമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

മേപ്പാടി - മുണ്ടേരി മലയോര ഹൈവേ

110(720) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി വയനാട്-മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കാൻ സാധിക്കുന്ന മേപ്പാടി - മുണ്ടേരി കണക്കുവിറ്റിക്ക് വനം വകുപ്പിന്റെ അനുമതി വൈകുന്ന സാഹചര്യത്തിൽ ഇതുമായി ഭാഗം എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കണമെന്ന് അഭ്യർത്ഥിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

വനമേഖലയിൽക്കൂടി കടന്നുപോകുന്നിടങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി വനം വകുപ്പുമായി ചേർന്ന് 6-7-2021-ന് പൊതുമരാമത്ത് വകുപ്പും നാറ്റ്പാക്കും ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയുണ്ടായി. തുടർന്ന് വനം വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പരിശോധിച്ചു വരുന്നു. ടി ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനുള്ള എം.എൽ.എ.-യുടെ നിവേദനവും വനം വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) മലയോര ഹൈവേയ്ക്കായി സംസ്ഥാനത്ത് വനം വകുപ്പ് വിട്ടുനൽകുന്ന ഭൂമിക്കുപകരമായി വനം വകുപ്പിന് നൽകേണ്ട ഭൂമി എവിടെയൊക്കെയാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിവിധ പദ്ധതികളുടെ കോമ്പൻസേറ്ററി ഭൂമിയായി ചമ്മാടൻകാവിലെ 22 ഹെക്ടർ ഭൂമി വനം വകുപ്പിന് നൽകാൻ കണ്ടെത്തിയിട്ടുണ്ട്.

(സി) മലയോര ഹൈവേയ്ക്കായി ആകെ കിഫ്ബി വഴി നീക്കിവച്ച തുക എത്രയെന്നും ഇതുവരെ സംസ്ഥാനത്ത് ആകെ ടെണ്ടർ ചെയ്തത് എത്ര തുകയ്ക്കാണെന്നും വിശദമാക്കാമോ?

മലയോര ഹൈവേ പദ്ധതിക്കായി 3500 കോടി രൂപയുടെ സാമ്പത്തികാനുമതിയാണ് കിഫ്ബി വഴി ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ 1067.44 കോടി രൂപയുടെ പ്രവൃത്തി ടെണ്ടർ ചെയ്ത് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്.

ദേശീയപാത വികസനം

111(721) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മുതൽ ചേർത്തല വരെയുള്ള ദേശീയപാത വികസനം ഏതുഘട്ടത്തിലാണ്; വിശദമാക്കുമോ?

ചേർത്തല കഴക്കൂട്ടം NH-66 അഞ്ച് പാക്കേജുകളായാണ് ഭാരത്മാലാ പദ്ധതിയുടെ കീഴിൽ നടപ്പാക്കുന്നത്. പ്രസ്തുത പാതയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിവരുന്നു. പാക്കേജ് III, IV (ആലപ്പുഴ- കോട്ടുകുളങ്ങര മുതൽ കൊല്ലം ബൈപ്പാസ് വരെ, കൊല്ലം ബൈപ്പാസ് മുതൽ കടമ്പാട്ടുകോണം വരെ) പ്രവൃത്തികൾക്ക് ടെണ്ടർ സ്വീകരിച്ചിട്ടുണ്ട്.

(ബി) ദേശീയപാത വികസനത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന ആറ്റിങ്ങൽ ബൈപ്പാസ് പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായ 3D നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. 3G പ്രകാരമുള്ള നഷ്ടപരിഹാര വിതരണം പുരോഗമിക്കുന്നു.